# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5112** **27/06/2019-ൽ മറുപടിയ്ക്ക്**

## മഴക്കാല രോഗപ്രതിരോധം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| **എ)** സംസ്ഥാനത്ത് വിവിധയിനം പനി ബാധിച്ച് ധാരാളം പേർ ആശുപത്രികളിൽ ചികിത്സ തേടി എത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ)** വിവിധയിനം പനി ബാധിച്ചവർ ആശുപത്രികളിൽ ചികിത്സ തേടി എത്തുകയും അവർക്ക് മികച്ച ചികിത്സകൾ നൽകി വരുകയും ചെയ്യുന്നുണ്ട്. |
| **ബി)** മഴയുടെ തുടക്കത്തിൽ തന്നെ ഡെങ്കിപ്പനി, എലിപ്പനി എന്നിവ പല സ്ഥലങ്ങളിലും റിപ്പോർട്ട് ചെയ്ത സാഹചര്യം പരിശോധിക്കുകയുണ്ടായോ; | **ബി)** പരിശോധിച്ചിരുന്നു. ഡെങ്കിപ്പനി, എലിപ്പനി എന്നിവ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇവ തടയുന്നതിന് ആരോഗ്യ ജാഗ്രത കർമ്മപരിപാടിയുടെ അടിസ്ഥാനത്തിൽ ജാഗരൂകമായ പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് നടത്തി വരുന്നു. |
| **സി)** എങ്കിൽ മഴയോടും പ്രകൃതിക്ഷോഭത്തോടും ഒപ്പം സാധാരണ കടന്നു വരുന്ന രോഗങ്ങളായ ഛർദി, അതിസാരം, മലേറിയ, ചിക്കൻ ഗുനിയ, ജപ്പാൻ ജ്വരം, വിവിധ വൈറൽ പനികൾ എന്നിവയെ പ്രതിരോധിക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്;<br>**ഡി)** വിവിധ പകർച്ചവ്യാധികൾ പകരാതിരിക്കാനും രോഗാണുക്കൾ പെരുകാതിരിക്കാനും എന്തൊക്കെ പ്രതിരോധ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ? | **സി) യും ഡി) യും** കാലവർഷക്കാലത്തും അതിനെത്തുടർന്നും പകർച്ചവ്യാധികൾ പടർന്നു പിടിക്കാതിരിക്കാൻ "ആരോഗ്യജാഗ്രത" എന്ന പേരിൽ വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെയും, ഏജൻസികളുടെയും ആരോഗ്യ പ്രവർത്തകരുടെയും, പൊതുജനങ്ങളുടെയും, പങ്കാളിത്തത്തോടെ ആരോഗ്യവകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. വാർഡ് തലത്തിൽ കർമ്മ പദ്ധതികൾ തയ്യാറാക്കി വാർഡുതല ആരോഗ്യശുചിത്വ സമിതിയുടെ നേതൃത്വത്തിൽ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>വയറിളക്ക രോഗങ്ങൾ, ഛർദ്ദി, അതിസാരം, മഞ്ഞപ്പിത്തം (എ) തുടങ്ങിയ ജലജന്യ രോഗങ്ങൾ പ്രതിരോധിക്കുന്നതിന് ആരോഗ്യപ്രവർത്തകർ വീടുകൾ സന്ദർശിച്ച് വയറിളക്ക രോഗ നിരീക്ഷണം, മാലിന്യ നിർമ്മാർജ്ജനം, ജലസ്രോതസ്സുകളുടെ ക്ലോറിനേഷൻ. കുടിവെള്ള ഗുണനിലവാര പരിശോധന, ഒ.ആർ.എസ് വിതരണം, ബോധവത്കരണം, ഒ.ആർ.എസ് |

വാരാചരണം, ജലശുദ്ധീകരണ കാമ്പയിൻ തുടങ്ങിയവ നടത്തി വരുന്നു.

ഡെങ്കിപ്പനി, ചിക്കൻ ഗുനിയ, മലമ്പനി തുടങ്ങിയ കൊതുകുജന്യ രോഗങ്ങളെ പ്രതിരോധിക്കുന്നതിന് ആരോഗ്യ പ്രവർത്തകർ ഗൃഹസന്ദർശനം നടത്തി രോഗനിരീക്ഷണം, കൊതുകുനിരീക്ഷണം, ഡ്രൈഡേ ആചരണം, കൊതുകിന്റെ ഉറവിടങ്ങൾ നീക്കം ചെയ്യുന്ന കാമ്പയിൻ, തോട്ടങ്ങളിലെ കൊതുക് ഉറവിടങ്ങൾ ഇല്ലാതാക്കുന്ന കാമ്പയിൻ, ജലശുദ്ധി കാമ്പയിൻ മുതലായവയോടൊപ്പം സംയോജിത കൊതുക നിയന്ത്രണ പ്രവർത്തനങ്ങളും (സ്പ്രേയിംഗ്, ഫോഗിംഗ് ഉൾപ്പെടെ) നടപ്പിലാക്കി വരുന്നു. മഴക്കാലത്ത് പിടിപെടാൻ സാധ്യതയുള്ള രോഗങ്ങളെ സംബന്ധിച്ചും സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ബോധവത്കരണ പരിപാടികൾ നടത്തി വരുന്നു.

എലിപ്പനിക്കെതിരെ ബോധവത്കരണം, ഡോക്സിസൈക്ലിൻ പ്രതിരോധ ചികിത്സ, ക്ലോറിനേഷൻ പ്രവർത്തനങ്ങൾ, കൃഷി വകുപ്പുമായി ചേർന്ന് എലിനശീകരണ പ്രവർത്തനങ്ങൾ മുതലായവ സംഘടിപ്പിക്കുന്നതോടൊപ്പം രോഗ-നിരീക്ഷണം, ചികിത്സ എന്നിവയും കാര്യക്ഷമമായി നടത്തി വരുന്നു. പൊതുജനാരോഗ്യ നിയമപ്രകാരമുള്ള പരിശോധനകൾ ഭക്ഷണശാലകളിലും വീടുകളിലും സ്ഥാപനങ്ങളിലും നടത്തി ആവശ്യമെങ്കിൽ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വായുജന്യ-രോഗങ്ങളെ പ്രതിരോധിക്കുവാനായി ചുമ, തുമ്മൽ മുതലായവ ഉള്ളവർക്കു വേണ്ടി മൂന്നുപാളികളുള്ള മാസ്ക് ലഭ്യമാക്കുവാനായി (കഫ് എറ്റിക്വെറ്റ്) കഫ് കോർണർ മുതലായവ ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ